# പ്ലേ വിൻ ലോട്ടറി ഉയർത്തുന്ന ചോദ്യങ്ങൾ

**കേരളീയം ന്യൂസ് സർവ്വീസ്**

ജൂൺ 7 ചില പത്രങ്ങൾക്ക് ആഹ്ലാദത്തിന്റെ ദിനമായിരുന്നു. മലയാളികളായ നാലു സുഹൃത്തുക്കൾക്ക് 'ഓൺലൈൻ ലോട്ടറി അടിച്ചിരിക്കുന്നു'. കമ്പനി കൊച്ചിയിൽ നടത്തിയ പത്രസമ്മേളനം വൻപ്രാധാന്യത്തോടെയാണ് അവർ ജനസമക്ഷം അവതരിപ്പിച്ചത്. വാർത്ത പരസ്യമായി മാറിയതാണോ , പരസ്യം വാർത്തയായി മാറിയതാണോ എന്നു സംശയം തോന്നിപ്പിക്കുന്നതായിരുന്നു ആ റിപ്പോർട്ടുകൾ. പ്ലേ വിൻ ലോട്ടറിയുടെ ബിസിനസ് രീതിയെക്കുറിച്ച് വെളിപ്പെടുത്തുന്ന ബ്രോഷർ പോലെയായിരുന്നു പലരുടെയും വാർത്തകൾ. പ്ളേവിൻ ബൂത്ത് തുടങ്ങാൻ ആവശ്യമായ ഡെപ്പോസിറ്റ് എത്ര, ഏജൻസിയ്ക്ക് ലഭിയ്ക്കുന്ന കമ്മീഷൻ എത്ര തുടങ്ങിയവയെല്ലാം അതിൽ അക്കമിട്ട് നിരത്തി. സർക്കാർ സഹായം ആവശ്യപ്പെട്ടാൽ നൽകാൻ തയ്യാറാണെന്ന കമ്പനി വൈസ്പ്രസിഡന്റിന്റെ പ്രസ്താവന ചേർക്കാനും അവർ മറന്നില്ല. എന്നാൽ ഇന്ത്യയിലെ ആദ്യത്തെ ഓൺ-ലൈൻ ലോട്ടറി എന്ന അവകാശവാദവുമായി രംഗത്തെത്തിയിട്ടുള്ള 'പ്ലേ വിൻ സൂപ്പർലോട്ടോ'യുടെ പ്രവർത്തനം അവ്യക്തമായി തുടരുകയാണ്. പ്രവർത്തനമാരംഭിച്ച് മൂന്നുമാസമായിട്ടും എതിരെ ഉയരുന്ന ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാൻ പ്ലേവിൻ ലോട്ടറിക്ക് സാധിച്ചിട്ടില്ല എന്നതാണ് വസ്തുത.

നടത്തിപ്പിലെ സുതാര്യതയില്ലായ്മയാണ് ഓൺ-ലൈൻ ലോട്ടറിക്കു നേരെ ഉയരുന്ന പ്രധാന ആരോപണം. ഓരോ തവണയും വിജയികളെ പ്രഖ്യാപിക്കുന്നു എന്നല്ലാതെ എത്ര നമ്പറുകളിൽ നിന്നുമാണ് വിജയികളെ തെരെഞ്ഞെടുത്തത് എന്നത് വ്യക്തമാക്കപ്പെടുന്നില്ല. എത്ര നമ്പറുകൾ'വിറ്റുപോയിട്ടുണ്ട് എന്നത് അറിയപ്പെടാതെ പോകുന്നു എന്നർത്ഥം. അതുകൊണ്ടുതന്നെ ഓരോ തവണയും കമ്പനിക്ക് ലഭിക്കുന്ന വരുമാനം വെളിപ്പെടുന്നില്ല. പെർമ്യൂട്ടേഷൻ ആൻഡ് കോമ്പിനേഷൻ എന്ന ഗണിതസൂത്ര പ്രകാരം ഇതിൽ ഉപയോഗിക്കുന്ന 1 മുതൽ 49 വരെയുള്ള നമ്പറുകൾ ഉപയോഗിച്ച് 1, 39, 83, 816 സെറ്റ് നമ്പറുകൾ സൃഷ്ടിക്കാമെന്നിരിക്കെ ഈ ആശങ്ക ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

ലോട്ടറീസ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്ലേവിൻ ലോട്ടറിയിൽ കേരളസർക്കാരിനോ ലോട്ടറീസ് ഡയറക്ടറേറ്റിനോ നിയന്ത്രണങ്ങളൊന്നുമില്ല എന്നതാണ് മറ്റൊരു വസ്തുത. പ്ലേവിൻ ഓൺലൈൻ ലോട്ടറിയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ 20% സിക്കിം സർക്കാരിനും 50% സമ്മാനതുകയ്ക്കും 30% നടത്തിപ്പുകാരുടെ വിഹിതവുമാണ്. കേരളത്തിൽ നടക്കുന്ന ഈ ലോട്ടറി വിൽപ്പനയിൽ നിന്ന് സംസ്ഥാനസർക്കാരിന് ഒരു വരുമാനമില്ലെന്നു മാത്രമല്ല നടത്തിപ്പിനെപ്പറ്റി അജ്ഞരായി തുടരുകയും ചെയ്യുന്നു എന്നതാണ് ഓൺലൈൻ ലോട്ടറിയെ ചോദ്യചിഹ്നമായി അവശേഷിപ്പിക്കുന്നത്.

വ്യക്തമായ കണക്കുകളോടെ പ്രവർത്തനം നടത്തുന്ന സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾക്ക് ഭീഷണി ഉയർത്തിക്കൊണ്ടാണ് പ്ലേവിൻ രംഗപ്രവേശനം ചെയ്തിരിക്കുന്നത്. നിയന്ത്രണങ്ങളോടുകൂടി സുതാര്യമായി പ്രവർത്തിക്കുന്നവയാണ് സംസ്ഥാന സർക്കാർ ലോട്ടറികൾ. കേരളത്തിൽ മുപ്പത്തിമൂവായിരത്തോളം അംഗീകൃത ഏജന്റുമാരും രണ്ടരലക്ഷത്തിലേറെ വിൽപ്പനക്കാരും തങ്ങളുടെ ഉപജീവനമാർഗ്ഗമായി കാണുന്നതാണ് ലോട്ടറി വിപണി. അവരിൽ ഭൂരിഭാഗവും വികലാംഗരും മറ്റുമാണ്. ഇത്രയേറെ പേരെ തൊഴിൽ രഹിതരാക്കിക്കൊണ്ടാണ് ഓൺലൈൻ ലോട്ടറി കടന്നുവരുന്നത് എന്നതാണ് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം. അതും ഏജന്റിന് ഒരു 'സൈഡ് ബിസിനസ്' എന്ന നിലയിൽ !

എന്നാൽ ഓൺലൈൻ ലോട്ടറിയെ എങ്ങനെ പിടിച്ചു കെട്ടണമെന്നറിയാത്ത അവസ്ഥയിലാണ് സംസ്ഥാനസർക്കാരുകൾ.

കേരളം, കർണാടകം, മഹാരാഷ്ട്ര, മണിപ്പൂർ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ സിക്കിം സർക്കാരിനെ പിന്തുടർന്ന് ഓൺലൈൻ ലോട്ടറി സംവിധാനം ആരംഭിക്കാൻ തയ്യാറെടുക്കുന്നതായാണ് റിപ്പോർട്ടുകൾ.